# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 845 | 11-03-2015 ൽ മറുപടി നൽകേണ്ടിയിരുന്നത് |

## ജലസേചന പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.കെ.നാരായണൻ | | (ബഹു. ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ജലസേചന വകുപ്പിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | വകുപ്പിന് കീഴിൽ വരുന്ന 11 ഡാമുകളുടെ അറ്റകുറ്റപണികൾ ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP) ന് കീഴിൽ ലോകബാങ്ക് സഹായത്തോടെ നടപ്പാക്കി വരുന്നു. കൂടാതെ ടൂറിസം വികസനത്തിന്റെ ഭാഗമായി മലങ്കര, കാരാപ്പുഴ, കുറ്റ്യാടി, പെരിയാർവാലി, ചമ്രവട്ടം എന്നീ ഡാം സൈറ്റുകൾ മോടി പിടിപ്പിക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇവയ്ക്കു പുറമെ നബാർഡ് (ആർ.ഐ.ഡി.എഫ്) പദ്ധതി, റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം, ഉൾനാടൻ ജലഗതാഗത വികസനം, കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ, 13-ാം ധനകാര്യ കമ്മീഷൻ സഹായത്തോടെയുള്ള പ്രവൃത്തികൾ, കുളങ്ങളുടെ നവീകരണം (ആർ.ആർ. ആർ പദ്ധതി), ചാലിയാർ ബേസിനിലെ 29 ചെക്ക് ഡാമുകളുടെ നിർമ്മിതി, തടയണ നിർമ്മാണം, തലപ്പള്ളി സ്പെഷ്യൽ പാക്കേജ്, എൽ.ഐ സ്കീമുകളുടെ റീഹാബിലിറ്റേഷൻ എന്നിവയും നടപ്പാക്കിയിട്ടുണ്ട്. കുട്ടനാട് പാക്കേജിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി കെ.ഇ.എൽ-1, 2, 3, 4 എന്നീ പദ്ധതികളും 2010-11, 2011-12 കാലയളവിൽ നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | ഓരോ പദ്ധതിക്കും എത്ര തുക ചെലവാകും എന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് തരം തിരിച്ച് വിശദമാക്കാമോ; | (ബി) & (സി) | ഓരോ പദ്ധതിയ്ക്കും ചെലവാകുന്ന തുക, പദ്ധതിയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഇതു കൂടാതെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ദേശീയ ജലപാത നമ്പർ 3ന്റെ ഉപകനാലായ കന്നേറ്റി കനാലിന്റെ പണി പൂർത്തിയാക്കുകയും കൊല്ലം തോടിന്റെ പണി പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്. |
| (സി) | ഓരോ പദ്ധതിയും നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്